**Sree Sankaracharya University of Sanskrit, Kalady**

**(A Statutory Educational Institution Constituted by Government of Kerala)**

**Reaccredited by NAAC with 'A+'Grade**

**OFFICE OF THE PUBLIC RELATIONS**

**Kalady P.O., Ernakulam (Dist), Kerala – 683 574**

**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


**01-11-2025**

## പ്രസിദ്ധീകരണത്തിന്

## (1) സംസ്ഥാന ഭരണഭാഷാപുരസ്കാരം സുഖേഷ് കെ. ദിവാകറിന്

**ഫോട്ടോ**

ഈ വർഷത്തെ സംസ്ഥാന ഭരണഭാഷാസേവന പുരസ്കാരം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ജോയിൻ്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകറിന് ലഭിച്ചു. പതിനായിരം രൂപയും ഫലകവും സത്സേവനരേഖയും ഉൾപ്പെടുന്നതാണ് പുരസ്കാരം. ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗം സാർവ്വത്രിക-മാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥന് സംസ്ഥാന സർക്കാർ നൽകുന്ന പുരസ്കാരമാണിത്. മൃദംഗ വിദ്വാൻ കൂടിയായ സുഖേഷ് കെ. ദിവാകർ, ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല സെനറ്റ് അംഗമാണ്.

## (2) സംസ്കൃത സർവ്വകലാശാലയിൽ മലയാള ദിനം ആചരിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ മലയാള ദിനം ആഘോഷിച്ചു. കാലടി മുഖ്യ കാമ്പസിലെ ഭരണ നിർവ്വഹണ സമുച്ചയത്തിലെ ശ്രീശങ്കരാചാര്യ പ്രതിമയ്ക്ക് മുമ്പിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്ട്, കഴിഞ്ഞ വർഷം സംസ്ഥാന സർക്കാരിന്റെ ഭരണഭാഷാസേവന പുരസ്കാരം നേടിയ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ സിന്ധു പി. ബി. എന്നിവർ പ്രസംഗിച്ചു.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075